പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ-6066 28.10.2011 ൽ മറുപടിക്ക്

**ഭൂമിയുടെ മാർക്കറ്റ് വില തീരുമാനിക്കുന്നതിന്റെ മാനദണ്ഡങ്ങൾ**

**ചോദ്യം**

ശ്രീ.സി.കെ സദാശിവൻ

**ഉത്തരം**

ശ്രീ. ടി.എം ജേക്കബ്

(ഭക്ഷ്യവും സിവിൽസപ്ലൈസും

രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ആധാരങ്ങൾ രജിസ്റ്റർ ചെയ്യുമ്പോൾ കാണിക്കുന്ന വിലയും മാർക്കറ്റു വിലയും തമ്മിൽ വലിയ അന്തരം ഉണ്ടാകുന്നതായി ബോധ്യപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | ഭൂമിയുടെ മാർക്കറ്റ് വില തീരുമാനിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്താണ്; ഇത് കാലാനുസൃതമായി പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ ; | (ബി) | കേരള മുദ്രപ്പത്രനിയമം 28(എ) വകുപ്പു പ്രകാരമാണ് സംസ്ഥാനത്ത് ഭൂമിയുടെ ന്യായവില (ഫെയർവാല്യൂ) നിശ്ചയിച്ചിട്ടുള്ളത്. 6/3/2010 ലെ കേരള അസാധാരണ ഗസറ്റ് നം.515(1 മുതൽ 21 വരെ) ആയാണ് ഭൂമിയുടെ ന്യായവില വിജ്ഞാപനം ചെയ്തിട്ടുള്ളത്. ഇത് പിന്നീട് പുതുക്കി നിശ്ചയിച്ചിട്ടില്ല. |
| (സി) | ട്രസ്റ്റുകൾ രൂപീകരിക്കുമ്പോഴും ഇഷ്ടദാനം വഴി വിൽപത്രം രജിസ്റ്ററാക്കുമ്പോഴും എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നത്; | (സി) | ട്രസ്റ്റ് രജിസ്ട്രേഷന് സ്റ്റാമ്പ് ഡ്യൂട്ടിയിലോ, രജിസ്ട്രേഷൻ ഫീസിലോ ഇളവുകളൊന്നും നിലവിലില്ല. കുടുംബാംഗങ്ങൾക്ക് നൽകുന്ന ദാനാധാരത്തിനും ധനനിശ്ചയാധാരത്തിനും, ആധാരത്തിൽ കാണിച്ചിട്ടുള്ള വിലയോ വസ്തുവിന്റെ ന്യായവിലയോ ഏതാണോ കൂടുതൽ അതിന്റെ2% നിരക്കിൽ പരമാവധി 1000/- രൂപ മുദ്ര വില ഈടാക്കിയാൽ മതിയാകുന്നതാണ്. ടി ആധാരങ്ങൾക്ക് വിലയുടെ 2% നിരക്കിൽ രജിസ്ട്രേഷൻ |

| | | | |
|---|---|---|---|
| | | | ഫീസും ആവശ്യമാണ്.<br>വിൽപത്രം രജിസ്റ്റർ ചെയ്യുന്നതിന് മുദ്ര വില ചുമത്തേണ്ടതില്ല. രജിസ്ട്രേഷൻ ഫീസ് പട്ടിക ആർട്ടിക്കിൾ V അനുസരിച്ച് 100/- രൂപ രജിസ്ട്രേഷൻ ഫീസ് ചുമത്തിയാൽ മതിയാകുന്നതാണ്. |
| (ഡി) | വിൽ മുഖാന്തിരമുള്ള ആധാരം രജിസ്റ്റർ ചെയ്യുന്നതിന് നിലവിൽ എന്തെല്ലാം രേഖകളും നിബന്ധനകളും പാലിക്കപ്പെടുന്നുണ്ട്? | (ഡി) | 1908-ലെ രജിസ്ട്രേഷൻ നിയമത്തിലെ 40(1) വകുപ്പനുസരിച്ച്, മരണശാസന (വിൽപ്പത്രം) കർത്താവിനോ അയാളുടെ മരണശേഷം ആ മരണശാസനപ്രകാരം കാര്യം നടത്തുന്ന ആളായോ മറ്റോ അവകാശപ്പെടുന്ന വല്ല ആളിനോ മരണശാസനം രജിസ്റ്റർ ചെയ്യാനായി ഏതെങ്കിലും രജിസ്ട്രാറുടേയോ സബ് രജിസ്ട്രാറുടേയോ മുൻപാകെ ഹാജരാക്കാവുന്നതാണ്.<br>ടി നിയമം 4(1) അനുസരിച്ച്, മരണശാസന കർത്താവോ ദാതാവോ രജിസ്റ്റർ ചെയ്യാനായി ഹാജരാക്കുന്ന മരണശാസനമോ, ദത്തെടുക്കുന്നതിനുള്ള അധികാരപത്രമോ വേറേ വല്ല ആധാരവും രജിസ്റ്റർ ചെയ്യുന്ന മാതിരി രജിസ്റ്റർ ചെയ്യാവുന്നതാണെന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. 1958-ല കേരള രജിസ്ട്രേഷൻ ചട്ടങ്ങളിലെ ചട്ടം 30(1) അനുസരിച്ച് രജിസ്ട്രേഷനായി ഹാജരാക്കുന്ന വിൽ - പത്രങ്ങൾ ലൈസൻസുള്ള ആധാരമെഴുത്തുകാരൻ സാക്ഷ്യപ്പെടുത്തേണ്ടതില്ല. |

സെക്ഷൻഓഫീസർ